Published on 12.10.15

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 366

# 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 366

# 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

1002/2015.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 366

# 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 3-ാം വകുപ്പ് (6)-ാം ഉപവകുപ്പിൽ, "ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്." എന്ന വാക്കുകൾക്കു ശേഷം താഴെപ്പറയുന്നവ ചേർക്കേണ്ടതാണ്, അതായത്:—

"കൂടാതെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജന സംരക്ഷണം, ഭിന്നശേഷിയുള്ള വരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും ചേരുന്നതിന് തൊട്ടു മുൻപായി മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ പ്രത്യേക യോഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം വിളിച്ചു ചേർക്കേണ്ടതും പ്രസ്തുത യോഗത്തിലെ ശിപാർശകൾ ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഗ്രാമസഭ, കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും യോഗം ചേരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്റ്റിന്റെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പിലെ നിലവിലുള്ള വ്യവസ്ഥകൾക്ക് പുറമെ ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജന സംരക്ഷണം, ഭിന്നശേഷിയുള്ളവരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും ചേരുന്നതിന് തൊട്ടുമുൻപായി മേൽ സൂചിപ്പിച്ച വിഭാഗങ്ങളുടെ പ്രത്യേക യോഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം വിളിച്ചു ചേർക്കുവാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽവിവരിച്ച ആവശ്യങ്ങൾ നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ശുചിത്വം, പരിസ്ഥിതി സംരക്ഷണം, പോഷകാഹാരം, പൊതുജനാരോഗ്യം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, വൃദ്ധജനസംരക്ഷണം, ഭിന്നശേഷിയുള്ളവരുടെ പരിപാലനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ഓരോ ഗ്രാമസഭയും ചേരുന്നതിന് തൊട്ടു മുൻപായി പ്രത്യേക യോഗങ്ങൾ നിർണ്ണയിക്കപ്പെടാവുന്നപ്രകാരം വിളിച്ചു ചേർക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 3-ാം വകുപ്പ് (6)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചവയും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം അവ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ, സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ഡോ. എം. കെ. മുനീർ

## 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ (1994-ലെ 13) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** ** **

3. ഗ്രാമസഭ.—(1) ഈ അദ്ധ്യായത്തിന്റെ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തിന്റെ ഓരോ നിയോജകമണ്ഡലവും 243-ാം അനുച്ഛേദം (ജി) ഖണ്ഡത്തിൻകീഴിൽ ഒരു ഗ്രാമമായി വിനിർദ്ദേശിക്കാവുന്നതാണ്.

** ** ** **

(6) ആ നിയോജകമണ്ഡലത്തെ സംബന്ധിച്ച മുൻവർഷത്തെ വികസന പരിപാടികളെയും നടപ്പുവർഷത്തിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസനപരിപാടികളെയും അതിനുവേണ്ടിവരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റുമെന്റും ഭരണനിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും ഒരു വർഷത്തിലെ ആദ്യയോഗത്തിൽ ഗ്രാമസഭ മുൻപാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്.

ഗ്രാമസഭയുടെ ഏതെങ്കിലും തീരുമാനം ഏതെങ്കിലും സാഹചര്യത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ, അദ്ധ്യക്ഷൻ അതിനുള്ള കാരണം ഗ്രാമസഭയിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **